(സി) റാന്നി ഡിവിഷനിലെ മസ്ദൂർ വാച്ചർമാർക്ക് ഏതുവരെ ശമ്പളം കൊടുത്തുവെന്ന് വെളിപ്പെടുത്തുമോ; ശമ്പളം കുടിശ്ശികയായിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ വിഭാഗക്കാർക്ക് മാസശമ്പളം എത്ര വർഷം മുമ്പ് നിശ്ചയിച്ചതാണ്; ഇപ്പോൾ ഇവരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ നിലവിലുള്ള നിരക്ക് എത്രയാണ്; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) ഇല്ലെങ്കിൽ പരിഷ്കരിച്ച വേതനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) മസ്ദൂർ വാച്ചർമാരായി 10 വർഷത്തിനുമേൽ സർവ്വീസുള്ള എല്ലാവർക്കും ശമ്പളത്തോടൊപ്പം സർക്കാർ സർവ്വീസിൽ ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ —ജി) വിവരം ശേഖരിച്ചുവരുന്നു.

ആന വളർത്തൽ കേന്ദ്രവും വന്യജീവി സംരക്ഷണവും

112 [3397] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടനാട് ആന വളർത്തൽ കേന്ദ്രവും വന്യജീവി സംരക്ഷണ സംവിധാനവും അഭിമുഖീകരിക്കുന്ന പരാധീനതകൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) സൗകര്യപ്രദമായ മറ്റേതെങ്കിലും സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടു കൂടി കോടനാട് സജ്ജീകരിക്കുന്നതും നിലവിലുള്ളതുമായ വന്യജീവികൾക്ക് പുതിയ ഒരു സങ്കേതമൊരുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ വിശദവിവരം വ്യക്തമാക്കാമോ;

(സി) നിലവിൽ വനംവകുപ്പിന്റെ സംരക്ഷണത്തിൽ കോടനാട് ഏതൊക്കെ മൃഗങ്ങൾ എത്രവീതം ഉണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2003-ലെ വന്യജീവി സംരക്ഷണ ഭേദഗതി നിയമം അനുസരിച്ച് വന്യജീവികളുടെ അഭയ കേന്ദ്രങ്ങൾക്കും ഡീർ പാർക്കുകൾക്കും കേന്ദ്ര സൂ അതോറിറ്റിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി കോടനാടിനടുത്ത് കാപ്രിക്കാട്

LIBRARY ARCHIVES Kerala Legislative Assembly

എന്ന സ്ഥലത്തേക്ക് ഡീർ പാർക്കും മിനി സൂവും മാറ്റിസ്ഥാപിച്ച് വന്യജീവികൾക്ക് കേന്ദ്ര സൂ അതോറിറ്റി നിഷ്കർഷിക്കുന്ന സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്വീകരിക്കുന്നതാണ്.

(സി) മൃഗങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

1.	മ്ലാവ്	..	29
2.	പുള്ളിമാൻ	..	41
3.	വെള്ളക്കുരങ്ങ്	..	1
4.	കാട്ടുപൂച്ച	..	1
5.	ഉടുമ്പ്	..	1
6.	മരപ്പട്ടി	..	5
7.	മുള്ളൻപന്നി	..	1
8.	കീരി	..	3
9.	മലയണ്ണാൻ	..	1
10.	മുയൽ	..	4
11.	ഗിനിപിഗ്	..	2
12.	കാട്ടുപോത്ത്	..	3
13.	ചീങ്കണ്ണി	..	4
14.	മയിൽ	..	3
15.	വെള്ള മൂങ്ങ	..	2
16.	ഫ്ളയിംഗ് ഡക്ക്	..	10
17.	കൃഷ്ണപ്പരുന്ത്	..	5
18.	ചക്കിപ്പരുന്ത്	..	7
19.	നാട്ടുതത്ത	..	12
20.	മൈന	..	1
21.	നീലതത്ത	..	1
22.	പാതിരാകൊക്ക്	..	1
23.	കുളകൊക്ക്	..	1
24.	കാലിമൊണ്ടി	..	2
25.	ചുളൻ എരണ്ട	..	3
26.	തത്തചിന്നൻ	..	1
27.	ലൗവ് ബേർഡ്	..	4
28.	പ്രാവ്	..	1
29.	ചോരക്കാലി	..	1
30.	ആന	..	8

ഇലക്ട്രിക് ഷോക്ക് മുഖേന ചരിഞ്ഞ കാട്ടാനകൾ.

113 [3399] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly